# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെട്ടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.17/283/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 08/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.17/283/2023 തീയ്യതി: 08/03/2023

## മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-02-2022 മുതൽ 06-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 06-02-2023 | 14-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-02-2023 | 14-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൾ സത്താർ. സി. പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.മുഹമ്മദ് ഫസലുറഹ്മാൻ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. യൂസഫ്.പി. -അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജിഷ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി :വിനീത .പി.പി -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. നൌഷാദ് എൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനി.കെ.കെ | സെക്രട്ടറി | 01-04-2021 | 20-04-2021 |
| ശ്രീ. അബുഫൈസൽ കെ | സെക്രട്ടറി | 21-04-2021 | 01-02-2022 |
| ശ്രീ.ബീരാൻ കുട്ടി.എ.കെ | സെക്രട്ടറി ഇൻ ചാർജ്ജ് | 02-02-2022 | 17-02-2022 |
| ശ്രീമതി.സീന പി ആർ | സെക്രട്ടറി | 18-02-2022 | 31-03-2022 |
| ശ്രീ.ബീരാൻ കുട്ടി.എ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.ദിവ്യ.കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ലൈജുമോൻ.വി.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2021 | 31-03-2022 |
| ശ്രീ.ഷാഹുൽ ഹമീദ്.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2021 | 31-03-2022 |
| ശ്രീമതി.ജിൻസി.ഐ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ.ഫാത്തിമത്തു താഹിറ.ഒ.കെ | മെഡിക്കൽ ഓഫീസർ( ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.സൂര്യനാരായണൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി സക്കീന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 02-07-2021 |
| ശ്രീമതി. ലിത കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 03-07-2021 | 31-03-2022 |
| ശ്രീ. ഷാജിത്ത് .കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ.അജയ് മുകുന്ദ്. | മെഡിക്കൽ ഓഫീസർ,അലോപ്പതി. | 01-04-2021 | 31-03-2022 |
| ശ്രീമതി.സിൽവി മോൾ ചെറിയാൻ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ശ്യാമ ധരൻ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്ക് അപാകതകൾ | 1-11 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ | 1-11-1 |
| 13 | സാനിറ്ററി സർട്ടിഫിക്കറ്റ് ഇല്ലാതെ ലൈസൻസ് നൽകി | 1-12 |
| 14 | കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല. | 1-13 |
| 15 | എയ്ഡഡ് സ്കൂളിലെ ടോയ്‌ലെറ്റ് നിർമാണം - അപാകതകൾ | 1-14 |
| 16 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ | 1-15 |
| 17 | സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം- പൊതു അപാകതകൾ | 1-16 |
| 18 | കട്ടിൽവിതരണം അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല - ചെലവു തുക തടസ്സംചെയ്യുന്നു. | 1-17 |
| 19 | അംഗൻ വാടി പോഷകാഹാര വിതരണം -അനുബന്ധരേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-18 |
| 20 | ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം - തുക അധികം നൽകി , മറ്റ് അപാകതകൾ | 1-19 |
| 21 | വനിത പകൽ വീട് ചെലവുകൾ - അനുബന്ധരേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-20 |
| 22 | ശിശുമന്ദിരം പോഷകാഹാരം - അനുബന്ധരേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-21 |
| 23 | മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിൽ കൂടുതൽ തുക സബ്സിഡി നൽകി. | 1-22 |
| 24 | ധാതുലവണമിശ്രിതം - വിതരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-23 |
| 25 | വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-24 |
| 26 | പട്ടികജാതി ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അപാകതകൾ | 1-25 |

| | | |
|---|---|---|
| 27 | സ്കൂളുകളിൽ ഹൈടെക് ക്ലാസ്സ് റൂം - അപാകതകൾ | 1-26 |
| 28 | വെറ്ററിനറി മരുന്ന് വാങ്ങൽ -തുക സർക്കാർ ശീർഷകത്തിലേക്ക് തിരികെ വരവ് വെച്ചു- തുടർ നടപടി വിവരം അറിയിക്കേണ്ടതാണ് | 1-27 |
| 29 | മെഡിക്കൽ ഓഫീസർ CHC- പ്രൊജക്ടട് നിർവഹണം -അപാകതകൾ. | 1-28 |
| 30 | ശരിയായ രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ എഴുതിയിട്ടില്ല. | 1-28-1 |
| 31 | ചെലവുകൾ കാഷ് ബുക്കിലോ, ട്രഷറി ബിൽ ബുക്കിലോ ചേർത്തിട്ടില്ല | 1-28-2 |
| 32 | മുൻകൂർ നൽകിയിട്ടുണ്ട്. മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല. | 1-28-3 |
| 33 | വാങ്ങിയ മരുന്നുകളുടെ സ്റ്റോക്ക് വിവരം ലഭ്യമല്ല. | 1-28-4 |
| 34 | ഹോമിയോ മരുന്നു വാങ്ങൽ-അപാകതകൾ. | 1-29 |
| 35 | മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ-അപാകതകൾ. | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിൽ കൂടുതൽ സബ്സിഡി നൽകി. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 2- 02.03.2021 | 1/ 17.03.2022 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2022 | 30.06.2022 | --- | ----- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,03,10,202 |
| വരവ് | 15,21,21,851 |
| ആകെ | 17,24,32,053 |
| ചെലവ് | 14,60,57,132 |
| നീക്കിയിരിപ്പ് | 2,63,74,921 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 3,16,16,558 | 31616558 | 31292090 | 3,24,468 |
| വികസനഫണ്ട് എസ്.സി.പി. | 0 | 36,68,500 | 3665800 | 2963420 | 7,05,080 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 95,99,286 | 9599286 | 4928797 | 46,70,489 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 49,50,633 | 4950633 | 4222443 | 7,28,190 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 1,65,35,839 | 16535839 | 5346802 | 1,11,89,037 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Fund) | 0 | 75,88,920 | 7588920 | 6641164 | 9,47,756 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകരിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 216 | 14,03,12,635 | 149 | 7,62,23,601 | .... | 67 | 69 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,08,291 | 13,57,598 | 14,65,889 | 14,22,083 | 43,806 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 3,09,89,457 | 3,09,89,457 | 3,09,89,457 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11280 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 3618800 | 220 |
| വിധവാപെൻഷൻ | 24239200 | 1533 |
| വാർദ്ധക്യകാലപെൻഷൻ | 32697800 | 2300 |
| വികലാംഗപെൻഷൻ | 7812100 | 514 |
| വിവാഹ ധനസഹായം | 750000 | 25 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 852800 | 54 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.02.2023ന് 2: 50 Pm മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,328/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി രൂപീകരണത്തിനു മുമ്പ് ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ മോണിറ്റർ ചെയ്യുന്നതായി കാണുന്നില്ല.
2. മെഡിക്കൽ ഓഫീസർ (പി എച്ച് സി), മെഡിക്കൽ ഓഫീസർ (ഹോമിയോ), ഫിഷറീസ് സബ് ഇൻസ്പെക്ടർ എന്നിവർ ശരിയായ രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. വി ഇ ഒ പ്രോജക്ട് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2022 | 07/22 മുതൽ 10/22 വരെ | 22.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.2015 | 2009-10 മുതൽ 2013-14 വരെ | 26.06.2015 |

## 1-11 വാർഷിക കണക്ക് അപാകതകൾ

1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്)പ്രകാരമുള്ള അനുപാതങ്ങൾ,62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.B-18ഷെഡ്യൂൾ പ്രകാരം Festival Advance.12000, Advance To Other Acredited Agencies...13555 എന്നിവ ബാലൻസുണ്ട്. എന്നാൽ പ്രസ്തുത അഡ്വാൻസുകളുടെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ഡി &ഒ ലൈസൻസ് RP-43 പ്രകാരം തൻവർഷ കളക്ഷൻ 119500,2020-21 RP-36 പ്രകാരം അഡ്വാൻസ് കളക്ഷൻ 62350 (B-9 പ്രകാരം ആകെ അഡ്വാൻസും 62350 ) എന്നിവ ഉൾപ്പെടെ 181850 രൂപയാണ്.എന്നാൽ രജിസ്റ്റർ പ്രകാരം ആകെ കളക്ഷൻ 178500 രൂപയാണ്. [2021-22 B-9 (93000), 2021-22 RP-36(92500) എന്നിവ തമ്മിൽ 500 രൂപയുടെ വ്യത്യാസം മാത്രമാണ്.]

4.സാക്ഷ്യപ്പെടുത്തിയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തുനികുതി-[ഡിമാന്റ്,കളക്ഷൻ, കുടിശ്ശിക] വിവരം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

A) തന്നാണ്ട്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ഡി.സി.ബി.സ്റ്റേറ്റ്മെന്റ് | 3406704 | 3298346+11923(book Adjustment) =3310269 | 99466 |
| വാർഷിക കണക്ക് | 3406752 | 3294413+11923(book Adjustment) =3306336 | 100320 |

B)കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ഡി.സി.ബി.സ്റ്റേറ്റ്മെന്റ് | 435184 | 385806 | 49938 |
| വാർഷിക കണക്ക് | 435075 | 385231 | 50059 |

*ഓരോ നിരയിലെയും ബാലൻസ് ആയതിന്റെ ഡിമാന്റ്,കളക്ഷൻ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

*ലൈബ്രറി സെസ്സിലും ഇപ്രകാരം വ്യത്യാസം നില നിൽക്കുന്നു.

5.B-4 ഷെഡ്യൂൾ പ്രകാരം ICDS,ശുചിത്വമിഷൻ, ജലനിധി,ജോയിന്റ് വെഞ്ച്വർ എന്നിവയിൽ ബാലൻസുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

6.ആസ്തി രജിസ്റ്റർ പ്രാരംഭ മൂല്യനിർണ്ണയം നടത്തിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ആസ്തിമൂല്യം ഒത്തുനോക്കാൻ കഴിഞ്ഞിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും, സാമ്പിളിനായി ഓഡിറ്റ് പരിശോധിച്ച 43/22 നം. പ്രൊജക്ട് പ്രകാരമുള്ള ഓടേങ്ങൽപടി-കല്ലാവൽ കന്നൂർ പദ്ധതി പ്രകാരം നിർമ്മിച്ച റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു.

7. 2020-21 വാർഷിക കണക്ക് അപാകതകൾ പരിഹരിക്കാൻ ശേഷിക്കുന്നു.

## 1-11-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ

വികസന ഫണ്ട് ജനറൽ ചെലവ് (32912690) വാർഷിക കണക്ക്/ACR എന്നിവയുമായി(31292090) പൊരുത്തപ്പെടുന്നില്ല

## 1-12 സാനിറ്ററി സർട്ടിഫിക്കറ്റ് ഇല്ലാതെ ലൈസൻസ് നൽകി

2021-22 സാമ്പത്തിക വർഷത്തിൽ ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സാനിറ്ററി സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ലൈസൻസ് നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| അപേക്ഷ നം | സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|
| 9 | VPM Sweets | 500 |
| 164 | P C P Foods | 500 |
| 160 | PCP Foods, Bakery | 500 |
| 158 | K.K. Coolbar & Stationery | 500 |

ആവശ്യമായ രേഖകൾ ഇല്ലാതെ ലൈസൻസ് നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 19/21-22 തി. 10.02.2023 ന് മറുപടി ലഭ്യമായില്ല. മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടേണ്ടതും, ആവശ്യമായ രേഖകൾ ഇല്ലാതെ ലൈസൻസ് നൽകിയിട്ടില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-13 കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ TR 7A കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. കാഷ്ബുക്ക് ദിനേന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.
2. പരിശോധനക്ക് ഹാജരാക്കിയ കാഷ്ബുക്കിൽ വരവ് ചെലവുകളുടെ രസീത്/ ബിൽ, വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വരവുകളുടെ തിയ്യതി കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
3. രസീത് പ്രകാരം കളക്ട് ചെയ്ത തുകയുടെ ( ടെണ്ടർ ഫീ ) വരവ് ചെലവ് വിവരങ്ങൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
4. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.
5. കാഷ്ബുക്ക് കാലികമാക്കി എഴുതി സൂക്ഷിക്കുന്നില്ല.

   മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 4/8.02.2023 ) അപാകതകതൾ തുടർന്ന് പരിഹരിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്. കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-14 എയ്ഡഡ് സ്കൂളിലെ ടോയ്‌ലറ്റ് നിർമാണം - അപാകതകൾ

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സ്കൂളുകളിൽ ടോയ്‌ലറ്റ് (129/22) എന്ന പ്രൊജക്ട് പ്രകാരം AHMLPS വെട്ടം, AMLPS വാക്കാട് എന്നീ സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മിച്ചിട്ടുണ്ട്. പഞ്ചായത്തിന് കൈമാറിയിട്ടില്ലാത്ത എയ്ഡഡ് സ്കൂളുകളാണ് ഇവ .

ചെലവ് -₹516122 ( 22101116/ 30.03.2022 )

2021-22 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവർമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് വ്യക്തമാക്കുന്നത്.

സർക്കാർ LP/UP സ്കൂളുകളാണ് പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തിന് കൈമാറിയത്. ആയതിനാൽ പഞ്ചായത്ത് പ്രദേശത്തെ സർക്കാർ LP/UP സ്കൂളുകളിൽ മേൽ സർക്കാർ ഉത്തരവിൽ പരാമർശിച്ച എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രമാണ് എയ്ഡഡ് LP/UP സ്കൂളുകളിൽ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടത്താവുന്നത് എന്ന് മേൽ ഉത്തരവിൽ നിന്നും വ്യക്തമാണ്.

പഞ്ചായത്ത് നടപ്പാക്കിയ മേൽ പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ പ്രൊജക്ട് തയ്യാറാക്കിയതിലും നടപ്പാക്കിയതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)സർക്കാർ സ്കൂളുകളിൽ ആവശ്യമായ ശുചിമുറി സൗകര്യങ്ങൾ ഇല്ലാതിരിക്കെ എയ്ഡഡ് സ്കൂളിന് സഹായം നൽകി .

2021-22 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തയ്യാറാക്കി അംഗീകരിച്ച അവസ്ഥാരേഖയില്(സ്റ്റാറ്റസ് റിപ്പോർട്ട്) വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിലെ സ്കൂളുകളിലെ ശുചിമുറി സൗകര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം ( പട്ടിക 1.1.6) പഞ്ചായത്തിലെ സർക്കാർ സ്കൂളുകളിൽ ശുചിമുറി സൗകര്യങ്ങൾ അപര്യാപ്തമാണ് എന്ന് വ്യക്തമാണ്.

പ്രസ്തുത റിപ്പോർട്ട് പ്രകാരം ഓരോ സർക്കാർ സ്കൂളിലും ഇനി വേണ്ട ടോയ്‌ലറ്റ് സൗകര്യത്തിന്റെ വിവരം താഴെ പറയുന്നു.

| സ്കൂൾ | കുറവുള്ള ടോയ്റ്റ് | |
|---|---|---|
| | ആൺ | പെൺ |
| GMUPS പറവണ്ണ | 8 | 2 |

പഞ്ചായത്തിന്റെ അംഗീകൃത രേഖകൾ പ്രകാരം തന്നെ സർക്കാർ സ്കൂളുകളിന് ടോയ്‌ലറ്റ് സൗകര്യങ്ങളിൽ സാരമായ കുറവുണ്ട് എന്ന് വ്യക്തമായിരിക്കെ അത് പരിഹരിക്കുന്നതിന് പ്രൊജക്ടുകൾ എറ്റെടുക്കാതെ സ്വകാര്യ വ്യക്തികളുടെ

ഉടമസ്ഥതയിലുള്ള എയ്ഡഡ് സ്കൂളുകളിന് ടോയ്‌ലറ്റ് നിർമിച്ച് നൽകുന്നതിന് പ്രൊജക്ട് ഏറ്റെടുത്ത് പണം ചെലവഴിച്ചത് മാർഗ്ഗരേഖക്ക് വിരുദ്ധമാണ്

2) സർക്കാർ സ്കൂളുകളിലെ സൗകര്യങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല .

മുഴുവൻ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം മാത്രം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാനാണ് അനുമതി ഉള്ളത്.

പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് എല്ലാ സർക്കാർ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡപ്രകാരമുള്ള ടോയ്‌ലറ്റുകള്,മറ്റ് സൗകര്യങ്ങൾ ഉണ്ടോ എന്ന് പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3) ടോയ്‌ലറ്റ് ആവശ്യകത പരിഗണിക്കാതെ പ്രൊജക്ട് തയ്യാറാക്കി .

സർക്കാർ സ്കൂളുകളിൽ ആവശ്യത്തിന് ടോയ്ലറ്റ് ഉണ്ടെങ്കിലും എയ്ഡഡ് സ്കൂളുകൾക്ക് ആവശ്യത്തിനുള്ള ടോയ്ലറ്റ് ഇല്ല എങ്കിൽ മാത്രമേ അവർക്ക് ടോയ്ലറ്റ് നിർമ്മിച്ച് നൽകേണ്ടതുള്ളൂ. ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നും അവിടങ്ങളിൽ എത്ര ടോയ്ലറ്റുകൾ യഥാർത്ഥത്തിൽ ലഭ്യമാണ് എന്നതിനെക്കുറിച്ചും വ്യക്തമായ പഠനം നടത്തി ആവശ്യകത നിർണ്ണയിച്ച ശേഷം ഏറ്റവും ആവശ്യകതയുള്ള സ്കൂളുകൾക്ക് മാത്രമാണ് ടോയ്ലറ്റിന് പ്രൊജക്ട് തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ ഇത്തരത്തിൽ പഠനം നടത്തിയതായി കാണുന്നില്ല.

2021-22 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തയ്യാറാക്കി അംഗീകരിച്ച അവസ്ഥാരേഖയിൽ വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിലെ സ്കൂളുകളിലെ ശുചിമുറി സൗകര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം ( പട്ടിക 1.1.6) എയ്ഡഡ് സ്കൂളുകൾക്ക് ടോയ്‌ലററ് ആവശ്യമുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

4) ടോയ്‌ലറ്റ് നിർമിക്കുന്നതിന് സമ്മതം നേടിയിട്ടില്ല .

എയ്ഡഡ് സ്കൂളിൽ നിർമാണ പ്രവർത്തനം നടത്തണം എന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. കൂടാതെ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതം നേടിയിട്ടുമില്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 5/ 8.02.2023 ) ലഭ്യമാക്കിയ മറുപടി യിൽ സ്കൂളുകളുടെ ആവശ്യകത പരിശോധിച്ച് ഭരണ സമിതിയുടെ തീരുമാനപ്രകാരമാണ് എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകിയത് എന്ന് അറിയിച്ചിട്ടുണ്ട്. സ്കൂളുകളുടെ ആവശ്യകത പരിശോധിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ മേൽ മറുപടി അംഗീകരിക്കാനാവില്ല. കൂടാതെ സർക്കാർ സ്കൂളിന് പൂർണ്ണമായ സൗകര്യങ്ങൾ ഏർപ്പെടുത്താതെ എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകിയതിനുള്ള മറുപടിയും അംഗീകരിക്കാനാവില്ല.

എയ്ഡഡ് സ്കൂളുകൾക്ക് ടോയ്‌ലറ്റ് നൽകുമ്പോൾ സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചാണ് നടപ്പാക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2021-22 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പ്രവൃത്തികൾ നടത്തിപ്പ്

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 80 പ്രൊജക്ടുകളാണ് തയ്യാറാക്കിയത് . ഇതിൽ 56 പ്രൊജക്ടുകളിലായി ആകെ 17740418 രൂപയാണ് ചെലവഴി ച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 80 | ആകെ അടങ്കൽ | 31858566 |
| നടപ്പിലാക്കിയത് | 56 | ചെലവ് | 17740418 |
| ശതമാനം | 70 | ചെലവ് ശതമാനം | 56 |

II-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

III) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽപഞ്ചായത്ത് എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്ട് രജിസ്റ്റർ , ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ, തുടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല. ഹാജറാക്കിയ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ കണ്ടു

1)കാഷ് ബുക്ക്

2021-22 വർഷത്തെ കാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയത് പരിശോധിച്ചതിൽ കാഷ് ബുക്കിൽ വ്യക്തമായ വിവരങ്ങൾ ചേർക്കാതെയാണ് കാണപ്പെട്ടത്. ചെലവിന്റെ വ്യക്തമായ വിവരങ്ങൾ കാഷ്ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

2) സെക്യൂരിറ്റി രജിസ്റ്റർ

സെക്യൂരിറ്റി രജിസ്റ്റർ പരിശോധനക്ക് ഹാജറാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി, ഡിഫക്റ്റ് ലയബിലിറ്റി കാലയളവ്, സെക്യൂരിറ്റി തിരിച്ച് നൽകേണ്ട തിയ്യതി എന്നിങ്ങനെ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്ത് രജിസ്റ്റർ എഴുതേണ്ടതാണ്.

IV)പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം- പൊതു അപാകതകൾ

പ്രൊജക്ട് : 05/22 അങ്കണവാടി അനുപൂരക പോഷകാഹാരം

ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ ഈ പ്രൊജക്ടിന്റെ നടത്തിപ്പ് പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1) ഭക്ഷ്യ ധാന്യ വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

അംഗൻവാടികളിലേക്ക് വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ വിതരണ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പരാമർശിച്ച അപാകതകൾ കണ്ടെത്തി

- രജിസ്റ്ററിന്റെ ആദ്യ ഭാഗത്ത് പേജ് സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.
- ഭക്ഷ്യ ധാന്യ വിതരണ സാക്ഷ്യപത്രം നിർവണോദ്യോഗസ്ഥൻ രജിസ്റ്ററിൽ അതാത് ഭാഗത്ത് രേഖപ്പെടുത്തിയിട്ടില്ല.
- വിതരണം ചെയ്ത ഭക്ഷ്യധാന്യം സപ്ലൈ ചെയ്തതിന്റെ വിശദ വിവരം , പണം നൽകിയതിന്റെ വിവരം എന്നിവയും വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2) GST നിയമപ്രകാരം GST ബാധകമായ സാധനങ്ങളുടെ വില നൽകുമ്പോൾ നികുതി കിഴിച്ചുള്ള തുക ₹ 2,50,000 ൽ അധികരിക്കുകയാണെങ്കിൽ നിശ്ചിത നിരക്കിൽ GST-TDS ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വിതരണം ചെയ്ത സ്ഥാപനങ്ങൾക്ക് പണം നൽകിയപ്പോൾ TDS കുറവ് വരുത്തിയിട്ടില്ല.

3) വിതരണം ചെയ്ത ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവയുടെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ പരിശോധനാ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4) വിതരണം ചെയ്ത ന്യൂട്രിമാം, ഗ്രാവി പ്രോ എന്നീ ഭക്ഷ്യ സാധനങ്ങൾക്ക് കിലോ ഗ്രാമിന് യഥാക്രമം ₹325, ₹300 നിരക്കിൽ വില നൽകിയിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ ഉത്പാദിപ്പിക്കുന്ന അമൃതം ന്യൂട്രിമിക്സ് പഞ്ചായത്തുകളിൽ വിതരണം ചെയ്യുമ്പോൾ നൽകാവുന്ന വില സർക്കാർ അംഗീകരിച്ച് നൽകുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവയ്ക്ക് നൽകാവുന്ന വില സർക്കാർ അംഗീകരിച്ച് നൽകിയതിന്റെ രേഖ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

5) പഞ്ചായത്തിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളുമായി കരാർ ചമച്ചിട്ടില്ല.

6) പഞ്ചായത്തിൽ ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വിതരണം ചെയ്ത സ്ഥാപനങ്ങളെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടില്ല.

ഭക്ഷ്യധാന്യ വിതരണത്തിൽ മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം / രേഖകൾ പരിശോധനക്ക്

ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/09.02.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കേണ്ടതും മറ്റ് അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-17 കട്ടിൽവിതരണം അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല - ചെലവു തുക തടസ്സംചെയ്യുന്നു.

പ്രോജക്ട് : 193/22 വയോജനങ്ങൾക്ക് കട്ടിൽ

അടങ്കൽ തുക : 8,00,000/- ( വികസനം- ജനറൽ)

ചെലവ് തുക : 8,00,000/- (വൗച്ചർനമ്പർ 22101368/14.03.2022)

2021-22 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച മേൽ പ്രോജക്ട് വഴി ₹8,00,000 രൂപ കട്ടിൽ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ട്രഷറി ബിൽ പ്രകാരം തുക ആർട്ട്കോ ക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ കട്ടിൽ വാങ്ങിയതിന്റെ ബിൽ പരിശോധനക്കായി ലഭ്യമാക്കിയില്ല. എത്ര കട്ടിൽ വാങ്ങി എന്നതും വ്യക്തമല്ല. രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം 185 പേർക്കാണ് കട്ടിൽ വിതരണം ചെയ്തതെന്നാണ് വ്യക്തമാവുന്നത്.

പദ്ധതി നിർവ്വഹണത്തിന്റെ പരിശോധനക്കായി ആർട്ടകോയുടെ ബിൽ , ഗുണഭോക്തൃലിസ്റ്റ് എന്നിവ ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 8/09.02.2023) മറുപടി ലഭ്യമാക്കിയില്ല. അനുബന്ധരേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക ₹ 8,00,000 രൂപ തടസ്സം ചെയ്യുന്നു.

## 1-18 അംഗൻ വാടി പോഷകാഹാര വിതരണം -അനുബന്ധരേഖകൾ ലഭ്യമാക്കേണ്ടതാണ്

2021-22 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച അങ്കൻവാടി അനുപൂരക പോഷകാഹാരം പദ്ധതി വഴി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് | ഫണ്ടിനം | വൗച്ചർ നമ്പർ/ തിയ്യതി |
|---|---|---|---|---|---|
| 1 | 05/22 അങ്കണവാടി അനുപൂരക പോഷകാഹാരം | 41,52,400 | 15,39,568 | Plan General | 22101283/01.07.2021 |
| 2 | | | 10,37,379 | | 22101296/24.12.2021 |
| 3 | | | 14,13,500 | | 22101284/08.10.2021 |
| 4 | | | 9,553 | | 22101359/01.03.2022 |
| 5 | | | 74,557 | | 22101379/17.03.2022 |
| 6 | | | 35,491 | | 22101380/17.03.2022 |
| 7 | | | 42,352 | | 22101384/20.03.2022 |
| 1 | | 13,00,000 | 2,90,674 | Central Share | 22100993/17.02.2022 |
| 2 | | | 81,900 | | 22100992/17.02.2022 |
| 3 | | | 7,54,623 | | 22101119/30.03.2022 |
| 4 | | | 1,72,803 | | 22101127/30.03.2022 |

മേൽ പദ്ധതി പ്രകാരമുള്ള ചെലവുകൾ പരിശോധിക്കുന്നതിനായി താഴെ പറയുന്ന വൗച്ചറുകൾ പ്രകാരമുള്ള ചെലവിന്റെ അനുബന്ധ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. ചെലവു രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തിയ്യതി/ തുക | ചെലവു തുക | റിമാർക്സ് |
|---|---|---|---|
| 1 | 22101283/01.07.2021/ 15,39,568 | 31,932 | ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ ശ്രീ അസൈനാർ എന്നവർക്ക് നൽകിയ തുക (@2.5/kg). ടി തുക നൽകുന്നതിന് ആധാരമാക്കിയ ബില്ലുകൾ ലഭ്യമാക്കേണ്ടതാണ്. |
| 2 | 22101284/08.10.2021/ 14,13,500 | 47,976 | വൗച്ചർ പ്രകാരം ആലിശ്ശേരി മാവേലി സ്റ്റോറിന് 07.09.2021 ലെ ഇൻവോയ്സ് നമ്പർ 1002134/213501 പ്രകാരം ഭക്ഷണസാധനങ്ങൾ ലഭ്യമാക്കിയതിന് ₹5,36,935 രൂപ നൽകിയിട്ടുണ്ട്. ടി ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയ ഭക്ഷണസാധനങ്ങളിൽ 6 കി.ഗ്രാം കുറവ അരി (@28/കി.ഗ്രാം), 1494 കി.ഗ്രാം ബോയിൽഡ് റൈസ് സോർടെക്സ് (@32/കി.ഗ്രാം)എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. അംഗൻവാടികളിലേക്ക് |

| | | | |
|---|---|---|---|
| | | | ഇവ വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രവുമല്ല അംഗൻവാടികളിലേക്കുള്ള WBNP അരിക്ക് വില നൽകേണ്ടതുമില്ല. ടി അരിയുടെ വിതരണ വിവരം , അവ അംഗൻവാടികളിലേക്ക് വാങ്ങി നൽകിയതിന്റെ ആവശ്യകത എന്നിവ വ്യക്തമാക്കേണ്ടതാണ്. |
| 3 | 22101296/24.12.2021 10,37,379 | 10,37,379 | വൗച്ചർ പ്രകാരം മമത ന്യൂട്രിമിക്സ് യൂണിറ്റിന് 1,10,565/- രൂപയും, ആലിശ്ശേരി മാവേലി സ്റ്റോറിന് 3,46,824/-രൂപയും , ചൈതന്യം ന്യൂട്രിമിക്സിന് 579990/-രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ചെലവിന് ആധാരമാക്കിയ ഇൻവോയ്സുകൾ, ഇൻവോയ്സുകൾ പ്രകാരം ലഭ്യമാക്കിയ ഭക്ഷണ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 4 | 22101359/01.03.2022 9,553 | 9,553 | ടി തുക ആലിശ്ശേരി മാവേലി സ്റ്റോറിന് നൽകിയതായാണ് ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ചെലവിന് ആധാരമാക്കിയ ഇൻവോയ്സുകൾ, ഇൻവോയ്സുകൾ പ്രകാരം ലഭ്യമാക്കിയ ഭക്ഷണ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 5 | 22101379/17.03.2022 74,557 | 74,557 | ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ ശ്രീ അസൈനാർ എന്നവർക്ക് നൽകിയ തുക (@2.5/kg) ടി തുക നൽകുന്നതിന് ആധാരമാക്കിയ ബില്ലുകൾ ലഭ്യമാക്കേണ്ടതാണ്. |
| 6 | 22101380/17.03.2022 35,491 | 35,491 | ടി തുക ആലിശ്ശേരി മാവേലി സ്റ്റോറിന് നൽകിയതായാണ് ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ചെലവിന് ആധാരമാക്കിയ ഇൻവോയ്സുകൾ, ഇൻവോയ്സുകൾ പ്രകാരം ലഭ്യമാക്കിയ ഭക്ഷണ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 7 | 22101384/20.03.2022 42,352 | 42,352 | ബിൽ OC, വൗച്ചറുകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 8 | 22100993/17.02.2022 2,90,674 | 2,90,674 | |
| 9 | 22100992/17.02.2022 81,900 | 81,900 | |
| 10 | 22101119/30.03.2022 | 7,54,623 | |
| | ആകെ | 24,06,437 | |

അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 9/09.02.2023) മറുപടി ലഭ്യമാക്കിയില്ല. അനുബന്ധ രേഖകൾ, വിശദമായ മറുപടി എന്നിവ ലഭ്യമാക്കുന്നതു വരെ ചെലവു തുക ₹24,06,437 രൂപ തടസ്സം ചെയ്യുന്നു.

## 1-19 ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം - തുക അധികം നൽകി , മറ്റ് അപാകതകൾ

പ്രോജക്ട് : 08/22 ഭിന്നശേഷി സ്കോളർഷിപ്പ്

അടങ്കൽ തുക : 21,00,000/- ( വികസനം- ജനറൽ) + 3,00,000 (ബ്ലോക്ക് പഞ്ചായത്ത്)+ 3,00,000/ (ജില്ലാ പഞ്ചായത്ത്)

2021-22 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച മേൽ പ്രോജക്ട് വഴി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | തുക | വൗച്ചർ നമ്പർ/തിയ്യതി |
|---|---|---|
| 1 | 13,04,400 | 22101287/22.10.21 |
| 2 | 83,525 | 22101378/17.03.22 |
| 3 | 3,01,500 | 22101385/20.03.22 |

| | | |
|---|---|---|
| 4 | 3,47,675 | 22101369/15.03.22 |
| 5 | 62,900 | 22101371/15.03.22 |
| 6 | 3,00,000 | 22101360/01.03.22 |
| 7 | 3,00,000 | 22101292/02.12.21 |

മേൽ വൗച്ചറുകൾ പ്രകാരം സ്കോളർഷിപ്പ് നൽകിയത് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. സ്കോളർഷിപ്പ് തുക അധികം നൽകി

താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി മാർഗ്ഗരേഖയിൽ അനുവദനീയമായതിലും കൂടുതൽ തുക നൽകിയതായി കണ്ടു.

| ക്രമ നമ്പർ | ഗുണഭോക്താവ് | വൈകല്യം | പഠിക്കുന്ന ക്ലാസ് | നൽകാവുന്ന തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | ഗാലിബ് എ. പി | Deaf&Dump | +2 | 8000 | 13500 | 5500 |
| 2 | ഹഫീദ എ. പി | Hearing Loss | Pre-Primary | 5300 | 13500 | 8200 |
| 3 | ഫിദകെ.പി | MR | | 28500 | 31000 | 2500 |
| | | | | | ആകെ | 16200 |

2. സാംഖ്യയിൽ നിന്നും ലഭ്യമായ വിവരം പ്രകാരം താഴെപറയുന്ന ഗുണഭോക്താക്കളുടെ സ്കോളർഷിപ്പ് തുക അവരുടെ അക്കൗണ്ടിൽ ക്രെഡിറ്റായതായി കണ്ടില്ല. തുക അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം | നൽകിയ തുക |
|---|---|---|---|
| 1 | അബീന | 203701011003464 | 28500 |
| 2 | അനയ് കൃഷ്ണൻ | 20370101004796 | 20425 |
| 3 | ഫിദകെ.പി | 203701111002649 | 31000 |
| 4 | ഹഫ്ന ഷെറിൻ | 68970100016469 | 28500 |
| 5 | ഹിഷാം പി | 203701562000012 | 5400 |
| 6 | മുഹമ്മദ് റിഹാൻ കെ പി | 68970100001420 | 2500 |
| | | | 1,16,325 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (10/09.02.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പരിശോധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും അധികം നൽകിയ തുക വരും വർഷത്തിൽ ക്രമീകരിക്കേണ്ടതുമാണ്. ആയതുവരെ ചെലവു തുക ₹ 1,32,525 രൂപ തടസ്സം ചെയ്യുന്നു.

## 1-20 വനിത പകൽ വീട് ചെലവുകൾ - അനുബന്ധരേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് : 10/22 വനിതാപകൽ വീട്

അടങ്കൽ തുക : 1,92,422/- ( വികസനം- ജനറൽ)

ചെലവ് തുക : 1,35,500/

2021-22 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച മേൽ പ്രോജക്ട് വഴി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | തുക | വൗച്ചർ നമ്പർ/ തിയ്യതി | റിമാർക്ക്സ് |
|---|---|---|---|
| 1 | 26,000 | 22101287/22.10.2021 | ശ്രീമതി മിനിമോൾ എന്നവർക്ക് 14000 രൂപയും ശ്രീമതി റഹീന എൻപി എന്നവർക്ക് 12000/- രൂപയും നൽകി |

| | | | |
|---|---|---|---|
| 2 | 26,000 | 22101320/19.01.2022 | ശ്രീമതി മിനിമോൾ എന്നവർക്ക് 14000 രൂപയും ശ്രീമതി റഹീന എൻപി എന്നവർക്ക് 12000/- രൂപയും നൽകി |
| 3 | 13,000 | 22101350/17.02.2022 | ശ്രീമതി മിനിമോൾ എന്നവർക്ക് 14000 രൂപയും ശ്രീമതി റഹീന എൻപി എന്നവർക്ക് 12000/- രൂപയും നൽകി |
| 4 | 70,500 | 22101286/08.10.2021 | ശ്രീമതി മിനിമോൾ എന്നവർക്ക് 37750 രൂപയും ശ്രീമതി റഹീന എൻപി എന്നവർക്ക് 32750/- രൂപയും നൽകി |

പ്രോജക്ടിന്റെ പരിശോധനക്കായി താഴെപറയുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1. മേൽ ജീവനക്കാരെ പകൽ വീട്ടിൽ നിയമനം നടത്തിയതിന്റെ രേഖകൾ

2.മേൽ തുകകൾ ഏതെല്ലാം മാസങ്ങളിലെ വേതനമാണെന്നിന്റെ വിവരം

3.മേൽ ജീവനക്കാരുടെ അറ്റൻഡന്റ്സ്.

4. പകൽ വീട്ടിൽ വരുന്ന ആളുകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ
മേൽ അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11 /09.02.2023) മറുപടി ലഭ്യമാക്കിയില്ല. അനുബന്ധരേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക ₹1,35,500 രൂപ തടസ്സം ചെയ്യുന്നു.

## 1-21 ശിശുമന്ദിരം പോഷകാഹാരം - അനുബന്ധരേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് : 85/22 ശിശുമന്ദിരം പോഷകാഹാരം

അടങ്കൽ തുക : 50,000/- ( വികസനം- ജനറൽ)

ചെലവ് തുക : 26,553/-

2021-22 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | തുക | വൗച്ചർ നമ്പർ/ തിയ്യതി | റിമാർക്സ് |
|---|---|---|---|
| 1 | 15,548 | 22101285/08.10.2021 | ആലിശ്ശേരി മാവേലി സ്റ്റോറിന് നൽകിയ Raw Food വാങ്ങിയതിന് നൽകിയ തുക. |
| 2 | 11,005 | 22101358/01.03.2022 | --(സബ് വൗച്ചറുകൾ ലഭ്യമാക്കിയില്ല.)-- |

പ്രോജക്ടിന്റെ പരിശോധനക്കായി താഴെപറയുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1. ക്രമ നമ്പർ 1 പ്രകാരം വാങ്ങിയ Raw Food സ്റ്റോക്കിലെടുത്തതിന്റെ വിവരം , സ്റ്റോക്ക് രജിസ്റ്റർ

2. ക്രമ നമ്പർ 2 ചെലവിന്റെ സബ് വൗച്ചറുകൾ

3.ശിശുമന്ദിരത്തിലെ അന്തേ വാസികളുടെ രജിസ്റ്റർ

മേൽ അനുബന്ധ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/09.02.2023) മറുപടി ലഭ്യമാക്കിയില്ല. അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക ₹26,553 രൂപ തടസ്സം ചെയ്യുന്നു.

## 1-22 മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിൽ കൂടുതൽ തുക സബ്സിഡി നൽകി.

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ( GO(MS) 22/2018/LSGD Dt 14.02.2018 ) ഖ 6.2 പ്രകാരം പോത്തുകുട്ടി വിതരണത്തിന് എസ്. സി വിഭാഗം ഗുണഭോക്താക്കൾക്ക് സബ്സിഡി ആയി 75% (പരാമാവധി 10,000 ) ആണ് നൽകാൻ അനുമതി നൽകിയത്.

വെറ്ററിനറി സർജൻ 2021-22 വർഷത്തിൽ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രൊജക്ടുകളിൽ പോത്ത്കുട്ടി വിതരണത്തിന് മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിൽ കൂടുകതൽ തുക സബ്സിഡി ആയി നൽകിയതായി കാണുന്നു.

| ക്ര.ന | പ്രൊജക്ട് | ആകെ ഗുണഭോക്താക്കൾ / സബ്സിഡി | നൽകാവുന്ന സബ്സിഡി | അധികം നൽകിയത് | കുറിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | നൽകിയത് | | | |
| 1 | എസ്.സി വനിതകൾക്ക് പോത്തുകുട്ടി വിതരണം ( 22/22) ആകെ ചെലവ് : 140000 | 10 Nos@ 10,500 ആകെ - 1,05,000 (വൗച്ചർ നമ്പർ 2210212/03.09.22 -84,000/- + 2210242/06.01.22 - 21,000/-) | 10 Nos @ 10000 ആകെ - 100000 | 5000 | ഒരു ഉരുവിന് 14000 നിരക്കിൽ ബേസിൽ ഫോം എൻജൽ ഗോട്ട് ഫാം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി. |
| 2 | എസ്.സി വനിതകൾക്ക് പോത്തുകുട്ടി വിതരണം ( 181/22) ആകെ ചെലവ് : 160000 | 10 Nos@ 12,000 ആകെ - 1,20,000 (വൗച്ചർ നമ്പർ 2210244/06.01.22 -84,000/- + 2210244/06.03.22 - 36,000/-) | 10 Nos @ 10000 ആകെ - 100000 | 20000 | ഒരു ഉരുവിന് 16000 നിരക്കിൽ ബേസിൽ ഫോം എൻജൽ ഗോട്ട് ഫാം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി. |

സബ്സിഡി മാർഗ്ഗരേഖയിൽ അംഗീകരിച്ചതിലും ഉയർന്ന നിരക്കിൽ സബ്സിഡി നൽകിയതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/09.02.2023) തുക തിരിച്ചടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക 25,000 രൂപ നിരാകരിക്കുന്നു. (ഖ.3.1 കൂടി കാണുക)

## 1-23 ധാതുലവണമിശ്രിതം - വിതരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

വെറ്ററിനറി സർജൻ നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം കേരള ഫീഡ്സിൽ നിന്നും കറവ പ്പശുക്കൾക്ക് ധാതുലവണമിശ്രിതം വാങ്ങിനൽകുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം താഴെചേർക്കുന്നു

| ക്രമ നമ്പർ | പ്രോജക്ട് | ചെലവു തുക | ഫണ്ടിനം | റിമാർക്സ് |
|---|---|---|---|---|
| 1 | 183/22 കറവപ്പശുക്കൾക്ക് സൗജന്യ ധാതുലവണ മിശ്രിത വിതരണം | 88,550 | വികസന ഫണ്ട് | 115 ഗുണഭോക്താക്കൾക്കായി 805 ബാഗ് ധാതു ലവണ മിശ്രിതം വാങ്ങുന്നതിനുള്ള തുക @110 |
| 2 | 24/22 കറവപ്പശുക്കൾക്ക് ധാതുലവണ മിശ്രിതം | 99,000 | വികസന ഫണ്ട് | 100 ഗുണഭോക്താക്കൾക്കായി 900 ബാഗ് ധാതു ലവണ മിശ്രിതം @110 |
| | | 1,87,550 | | |

മേൽ ധാതുലവണ മിശ്രിതം വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 22 /10.02.2023) സ്റ്റോക്ക് രജിസ്റ്റർ സഹിതം മറുപടി ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ്നൽകിയത്. സ്റ്റോക്ക് രജിസ്റ്റർ , വിതരണ വിവരം എന്നിവ ലഭ്യമാക്കുന്നതു വരെ ചെലവു തുക ₹ 1,87,550 രൂപ തടസ്സം ചെയ്യുന്നു.

## 1-24 വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

നിക്ഷേപ പ്രവൃത്തികൾക്കും മറ്റുമായി പട്ടികപ്പെടുത്തിയ പേയ്മെന്റുകൾ പ്രകാരം വിഹിതം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ / തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണം : സെക്രട്ടറി.

| ക്ര.നം | പ്രോജക്ട് | ഫണ്ട് | ബിൽ നം/തീയതി | തുക |
|---|---|---|---|---|
| 1 | 258/22,ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ നിർമ്മാണത്തിന് സംഭാവന | വികസനഫണ്ട് ജനറൽ | 21150552006801370429/ 18.3.22 | 1,87,000 |
| 2 | 219/22,വിവിധ കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | XY-1950050/ 18.6.21 | 2,12,996 |

| | | | | |
|---|---|---|---|---|
| | ലഭ്യമാക്കൽ | | | |
| 3 | ജലനിധി വിഹിതം നൽകൽ | തനത് ഫണ്ട് | 9965/ 29.9.21 | 22,69,386 |
| 4 | 237/22,9,17 വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | XY-1950088/ 16.10.21 | 31,303 |
| 5 | 218/22,വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | തനത് ഫണ്ട് | JM-5843554/10.12.21 | 6,572 |
| | | | 34104/26.3.22 | 17,257 |
| | ആകെ | | | 27,24,514 |

വിനിയോഗ/ പൂർത്തീകരണ വിവരം ലഭ്യമായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 26 /14.02.2023)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ 27,24,514 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-25 പട്ടികജാതി ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അപാകതകൾ

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പട്ടികജാതി ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ( 163/22 ) എന്ന പ്രൊജക്ടിന് ₹ 4,90,000 ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ നം. 22101308/10.12.2021 – ₹1,40,000, വൗച്ചർ നം.22101307/10.12.2021 – ₹2,30,000, വൗച്ചർ നം. 22101318/10.01.2022 – ₹1,20,000)

പ്രൊജക്ട് നടത്തിപ്പ് പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. പ്രൊജക്ട് പ്രകാരം ആനുകൂല്യം നൽകിയ വിദൂര വിദ്യാഭ്യാസം മുഖേന പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ച രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
2. ആനുകൂല്യം നൽകിയ വിദ്യാർത്ഥികളുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണം എന്ന സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/ 09.02.2023 )മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിലെ പ്രൊജക്ട് നിർവഹണത്തിൽ സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിക്കേണ്ടതാണ്.

## 1-26 സ്കൂളുകളിൽ ഹൈടെക് ക്ലാസ്സ് റൂം - അപാകതകൾ

ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി 21-22 ൽ നടപ്പാക്കിയ ജി.എം.എൽ.പി സ്കൂൾ പച്ചാട്ടിരി പറവണ്ണ എന്നിവിടങ്ങളിൽ ഹൈടെക് ക്ലാസ്സ് റൂം ( 162/22 ) എന്ന പ്രൊജക്ട് നടപ്പാക്കുന്നതിന് ₹ 8,36,344 ചെലവഴിച്ചിട്ടുണ്ട്. ( Vr No 22101328/ 25.08.2021 )

ക്ലാസ്സ് റൂം ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികളും ഏതാനും ഫർണിച്ചർ വിതരണവുമാണ് പ്രൊജക്ട് പ്രകാരം നടപ്പാക്കിയത്. ടെണ്ടർ നടപടികൾ പാലിക്കാതെ ARTCO മുഖേനയാണ് പ്രൊജക്ട് നടപ്പാക്കിയത്.

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി

1) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല .

സർക്കാർ ഉത്തരവ് പ്രകാരം (GO(P) 77/2019/Fin Dt 04.07.2019 ) ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾക്ക് അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച സ്ഥാപനമാണ് ആർട്കോ .

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചുള്ള സർക്കാർ ഉത്തരവ് GO(P) 67/21/Fin Dt 27.04.2021 അനുസരിച്ച് അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ ഡിസൈൻ, പ്ലാൻ , ഡിറ്റൈൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കൽ , സാങ്കേതികാനുമതി നൽകൽ എന്നിവ പ്രസ്തുത അക്രഡിറ്റഡ് ഏജൻസിയുടെ ചുമതലയാണ്.

വിശദമായ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ, CPWD, MORd Data അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കണം എന്നും, പ്രവൃത്തി നടത്തുന്ന ഏജൻസികൾ PWD മാന്വലിലെ നിബന്ധനകൾ പാലിക്കുകയും ചെയ്യണം എന്നും മേമേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ പ്രൊജക്ട് പ്രകാരം നടപ്പാക്കിയ പ്രവൃത്തിയിൽ മേൽ നിർദ്ദേശങ്ങളൊന്നുംതന്നെ പാലിച്ചിട്ടില്ല. പ്രവൃത്തികൾക്ക് ആർട്കോ നിരക്ക് നിശ്ചയിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്നതും വ്യക്തമാക്കിയിട്ടില്ല.

2) സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങൽ നടത്തി .

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (GO(RT) 1/2021/SPD Dt. 05.01.2021, GO(RT) 27/2020/SPD Dt. 31.12.2020).

മേൽ ഉത്തരവുകളിൽ പരാമർശിച്ച സാധനങ്ങൾ മാത്രമേ ടെണ്ടർ നടപടികൾ പാലിക്കാതെ ARTCO യിൽ നിന്ന് നേരിട്ട് വാങ്ങാൻ പാടുള്ളൂ എന്ന് ഉത്തരവുകളിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കണമെന്നും ഉത്തരവുകളിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽ പ്രൊജക്ട് പ്രകാരം ARTCO വിതരണം ചെയ്ത താഴെപ്പറയുന്ന വിവിധ സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങാൻ അനുമതിയില്ലാത്തവയാണ്.

1) Wall Speaker AHUJA

2) Amplifier AHUJA With USB

3) Wireless Mic With Adaptor

4) Wall Fan

5) 43' LED TV

6) Fibre Arm Chair

3) മരാമത്ത് പ്രവൃത്തി നടത്തുന്ന കരാറുകാരിൽ നിന്ന് ഈടാക്കേണ്ട സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല .

പ്രവൃത്തിനടത്തുന്നതിന് പണം നൽകിയ ആർട്ട്കോ സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല.

4) പ്രവൃത്തി നടത്തിയതിന്റെ വിവരം ലഭ്യമല്ല .

ആർട്ട്കോ നൽകിയ ബില്ല് അല്ലാതെ പ്രവൃത്തി നടത്തിയതിന്റെ അളവ് രേഖപ്പെടുത്തി ബില്ല് തയ്യാറാക്കിയിട്ടില്ല. നിശ്ചിത ഗുണനിലവാരപ്രകാരം പ്രവൃത്തി നടത്തിയോ എന്നത് നിർവഹണോദ്യോഗസ്ഥനോ മറ്റ് ഏതെങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത വിവിധ ഇലക്ട്രിക്കൽ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഗ്യാരണ്ടി, വാറണ്ടി രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 14/ 09.02.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഉത്തരവുകൾ പാലിക്കാതെ അക്രഡിറ്റഡ് ഏജൻസി വഴി പ്രവൃത്തി നടത്തിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ ഇനത്തിൽ ചെലവ് ചെയ്ത ₹ 8,36,344 തടസ്സം ചെയ്യുന്നു.

ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുകയോ ചെലവിന് സർക്കാർ സാധൂകരണം നേടുകയോ ചെയ്യേണ്ടതാണ്.

## 1-27 വെറ്ററിനറി മരുന്ന് വാങ്ങൽ -തുക സർക്കാർ ശീർഷകത്തിലേക്ക് തിരികെ വരവ് വെച്ചു- തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്

വെറ്ററിനറി സർജൻ നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രോജക്ട് പ്രകാരം വെറ്ററിനറി മരുന്നുകൾ വാങ്ങുന്നതിന് 4,05,000 രൂപ ബിൽ വഴി മാറി നൽകിയിരുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ചെലവു തുക | ഫണ്ടിനം | റിമാർക്സ് |
|---|---|---|---|---|
| 1 | 146/21 വെറ്ററിനറി ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 4,05,000 (വൗച്ചർനമ്പർ 22101274/25.03.2022) | മെയിന്റനൻസ് റോഡിതരം | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്നു ലഭ്യമാക്കിയതിന് ജെ ജെ ഫാർമ എന്ന സ്ഥാപനത്തിന് (ഇൻവോയ്സ് നമ്പർ : J17373/25.03.2022) തുക നൽകി. |

എന്നാൽ മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയില്ലെന്നു കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (ഓഡിറ്റ് എൻക്വയറി 23/2021-22/13.02.2023) സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയത് പരിശോധിച്ചതിൽ മരുന്നുകൾ ലഭ്യമാക്കിയതായും ആയത് സ്റ്റോക്കിലെടുത്തു വിതരണം ചെയ്തതായും വ്യക്തമായി. എന്നാൽ ജെ ജെ ഫാർമയുടെ യുണൈറ്റഡ് ബാങ്ക് ഓഫ് ഇൻഡ്യയുടെ അക്കൗണ്ട് നമ്പർ 339901010033068 ലേക്ക് മാറി നൽകിയ തുക, ടി അക്കൗണ്ട് നിലവിൽ റദ്ദാക്കിയതിനാൽ ടി സ്ഥാപനത്തിന് ലഭ്യമായിട്ടില്ലെന്നും ടി തുക യുണൈറ്റഡ് ബാങ്ക് ഓഫ് ഇൻഡ്യയുടെ 339905110000102 നമ്പർ അക്കൗണ്ടിലേക്ക് മാറി നൽകേണ്ടതാണെന്നും കാണിച്ച് ജെ ജെ ഫാർമ കത്തു നൽകുകയും, ട്രഷറിയിൽ ഇക്കാര്യം അന്വേഷിച്ചതിൽനിന്നും സാമ്പത്തിക വർഷം കഴിഞ്ഞതിനാൽ തുക സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചു പോയെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക സ്ഥാപനത്തിന് കൈമാറുന്നതിനായി കോ-ഓർഡിനേഷൻ കമ്മറ്റിയുടെ അംഗീകാരത്തോടെ ഒരു

സ്പെഷൽ പ്രോജക്ട് തയ്യാറാക്കുന്നതിനായി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ ശുപാർശക്കായി അയക്കുന്നതിന് 14.11.2022 തിയ്യതിയിലെ 8(1) തീരുമാനപ്രകാരം ഭരണസമിതി വെറ്ററിനറി സർജനെ ചുമതലപ്പെടുത്തിയതായി കാണുന്നു. ഇക്കാര്യത്തിലുള്ള തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 മെഡിക്കൽ ഓഫീസർ CHC- പ്രൊജക്ടട് നിർവഹണം -അപാകതകൾ.

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) തൻവർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു. (പ്രൊജക്ട് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.)

| | പ്രൊജക്ടട് നം. | പേര് | ആകെ ചെലവ് |
|---|---|---|---|
| 1 | 15/22 | ജീവിത ശൈലീ രോഗനിയന്ത്രണ ഉപകരണങ്ങൾ വാങ്ങൽ | 94,640 |
| 2 | 18/22 | പരിരക്ഷ | 7,46,308 |

അപാകതകൾ ഉപ ഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-28-1 ശരിയായ രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ എഴുതിയിട്ടില്ല.

പ്രൊജക്ടട് നം.15/22 പ്രകാരം താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

BR No. 334309/15-3-22 Rs. 94,640

Invoice No. 5160/4-3-22 Of MEDICO Surgicals, Tirur.

| ക്ര.ന | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | Digital BP Monitor | 6 Nos | 7200 |
| 2 | Gluco One Monitor BG -03 | 6 Nos | 1800 |
| 3 | Gluco One Strip BG 03 50s | 100 Nos | 75000 |
| 4 | Lancet Round Type | 500 Nos | 500 |
| | GST | | 10140 |
| | TOTAL | | 94640 |

ഇവ സ്റ്റോക്കിലെടുത്ത വിവരം രേഖപ്പെടുത്തിയ Vol. III LP Register Page 65- ൽ ഇവയടക്കം പല സാധനങ്ങൾ ഒറ്റ പേജിൽ തുടർച്ചയായി എഴുതി അന്നു തന്നെ മുഴുവനായി ഇഷ്യു കാണിച്ചിരിക്കുകയാണ്. ഇതു ക്രമത്തിലല്ല. ശരിയായ രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ എഴുതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-28-2 ചെലവുകൾ കാഷ് ബുക്കിലോ, ട്രഷറി ബിൽ ബുക്കിലോ ചേർത്തിട്ടില്ല

പ്രൊജക്ട് നമ്പർ 18/22 (പരിരക്ഷ) പ്രകാരമുള്ള താഴെ പറയുന്ന ചെലവുകൾ കാഷ് ബുക്കിലോ, ട്രഷറി ബിൽ ബുക്കിലോ ചേർത്തിട്ടില്ല. ആയതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ബിൽ ക്രമ നം. | തുക | തുക നൽകിയത് |
|---|---|---|---|
| 1 | 17/19-3-22 | 13,000 | Sruthi M, Pariraksha Nurse 13X 1000 |
| 2 | 16/19-3-22 | 26,000 | വാഹന വാടക & റിഫ്രഷ്മെന്റ് |
| 3 | 13/19-3-22 | 7,375 | ഫ്ലെക്സ് & ഫുഡ് (പരിശീലന ക്ലാസ്) |
| | | 46,375 | |

## 1-28-3 മുൻകൂർ നൽകിയിട്ടുണ്ട്. മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല.

താഴെ പറയുന്ന ബിൽ പ്രകാരം മരുന്നു വാങ്ങുന്നതിനായി KMSCL-ന് തുക മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല.

Bill No. 11/28-2-22 Rs. 61,998

Proforma Invoice No. 5650/11-2-22 Rs. 61,998

പ്രൊജക്ട് നമ്പർ 18/22 : പരിരക്ഷ

| Sl No. | Invoice No. | Amount |
|---|---|---|
| 1 | 11949/23-9-22 | 12,040 |
| 2 | 8542/18-8-22 | 4,665 |

| | | |
|---|---|---|
| 3 | 8694/20-8-22 | 18,346 |
| 4 | 10723/12-9-22 | 1388 |
| 5 | 14850/25-10-22 | 160 |
| 6 | 17627/18-11-22 | 736 |
| 7 | 3706/5-6-22 | 15,526 |
| | TOTAL | 52,861 |
| | Balance | 9,137 |

ബാക്കി മരുന്നുകൾ ലഭിച്ച വിവരം അറിയിക്കുന്നതു വരെ 9,137 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-28-4 വാങ്ങിയ മരുന്നുകളുടെ സ്റ്റോക്ക് വിവരം ലഭ്യമല്ല.

താഴെ പറയുന്ന ബിൽ പ്രകാരം Supplyco Taluk Depot, Tirur -ൽ നിന്നും വാങ്ങിയ മരുന്നുകളുടെ സ്റ്റോക്ക് വിവരം ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ബിൽ നം. 4/12-8-22 Rs. 1,07,965

പ്രൊജക്റ്റ് നമ്പർ 18/22 : പരിരക്ഷ

| Sl. No. | Invoice No. | Amount |
|---|---|---|
| 1 | 1002301/21160/27-7-21 (22 Items) | 82,253 |
| 2 | 1002301/21183/31-7-21 (7 Items) | 24,172 |
| 3 | 1002301/21200/3-8-21 (1 Item) | 1,540 |
| | ആകെ | 1,07,965 |

വിവരം അറിയിക്കുന്നതു വരെ 1,07,965 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-29 ഹോമിയോ മരുന്ന വാങ്ങൽ-അപാകതകൾ.

Pro No. 90/22: ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ

നിർവഹണം : ആയുർവേദ മെഡിക്കൽ ഓഫീസർ
അടങ്കൽ & ചെലവ് : 5,00,000

ബിൽ നം. 2/21-22/ 18-8-21 Rs. 5,00,000

Proforma Invoice No. PF-347/30-7-21 Rs. 5,00,000

ഹോമിയോ ഡിസ്പെൻസറി(NHM) യിലേക്ക് മരുന്ന വാങ്ങാൻ മുൻകൂറായി HOMCO-യ്ക്ക് തുക നൽകിയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വിധം 3,56,573 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

| | Invoice No. | Amount |
|---|---|---|
| 1 | LF-326/13-7-22 | 2,71,645 |
| 2 | LF-1415/23-12-22 | 84,928 |
| | Total | 3,56,573 |
| | Balance | 1,43,427 |

അവശേഷിക്കുന്ന 1,43,427 രൂപയുടെ മരുന്നുകൾ ലഭിച്ച വിവരം അറിയിക്കേണ്ടതാണ്.

മറ്റു അപാകതകൾ.

1) ഹോമിയോ ഡിസ്പെൻസറിക്കു വേണ്ടി ഈ പദ്ധതിയുടെ നിർവഹണം നടത്തുന്നത് ആയുർവേദ മെഡിക്കൽ ഓഫീസർ ആയതിനാൽ, വിവിധ ഗഡുക്കളായി ലഭിക്കുന്ന മരുന്നുകളുടെ ഇൻവോയ്സുകളുടെ ഓരോ പകർപ്പ് ഇരു മെഡിക്കൽ ഓഫീസർമാരും ഫയലിൽ സൂക്ഷിക്കുന്നതിനായി അതാതു സമയം തന്നെ കൈമാറേണ്ടതാണ്. ഇപ്രകാരം ചെയ്യാത്തതിനാൽ മരുന്നുകളുടെ ലഭ്യതയുടെ പൂർണ വിവരം നിർവഹണ ഉദ്യോഗസ്ഥന്റെ ഫയലിൽ ലഭ്യമല്ല. ഈ അവസ്ഥ ഒഴിവാക്കേണ്ടതാണ്.

2) സ്റ്റോക്ക് വിവരം ഇൻവോയ്സിൽ രേഖപ്പെടുത്തിയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന അപാകത കാണപ്പെടുകയുണ്ടായി. ധാരാളം മരുന്നുകൾ

വലിയ കാലയളവിൽ ഒട്ടും വിതരണം ചെയ്യാതെ ബാക്കി നിൽക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ-

| ക്ര നം. | ഇനം | സ്റ്റോക്ക് രജി. നം(പേജ് നം) | സ്റ്റോക്കിലെടുത്ത എണ്ണം | സ്റ്റോക്ക് തിയ്യതി | ഇൻവോയ്സ് നം. | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | AURUM MET200 | 6 (5) | 4 | 18-7-22 | LF- 326 | വിതരണം ചെയ്തിട്ടില്ല |
| 2 | AURUM MUR200 | 6 (7) | 4 | ,, | ,, | ,, |
| 3 | BARYTA MUR 200 | 6 (8) | ,, | ,, | ,, | ,, |

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കുന്നതു വരെ 1,43,427 രൂപ തടസ്സത്തിൽ വയ്ക്കുന്നു. (അപാകതകൾ ഓഡിറ്റ് എൻക്വയറി നം. 27/14-2-2023 പ്രകാരം ശ്രദ്ധയിൽപ്പെടുത്തി).

## 1-30 മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ-അപാകതകൾ.

നിർവഹണം: ഫിഷറീസ് സബ് ഇൻസ്പെക്ടർ,

| പ്രൊജക്ട്നം. | പേര് | BR No./Date | Amount |
|---|---|---|---|
| 221/22 | മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഫർണിച്ചർ (SO) | 884624/3-1-22 | 2,50,000(DFG) |
| | | 0/29-12-21 | 1,98,000(OF) |
| | | TOTAL | 4,48,000 |
| 187/22 | മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഫർണിച്ചർ (New) | 329261/15-3-22 | 4,95,380 |
| | GRANT TOTAL | | 9,43,380 |

| പ്രൊജക്ട് നം. | Pro. No. 221/22 | Pro. No. 187/22 |
|---|---|---|
| ഇൻവോയ്സ് | KKD 163/6-12-21 | 337/7-3-22 |
| വാങ്ങിയത് | 1. Table 56 Nos. @ 5311+ 18% GST<br>2. Chair 56 Nos. @ 1468.66 +18% GST | 1. Table 62 Nos. @ 5311+ 18% GST<br>2. Chair 62 Nos. @ 1460 +18% GST |

അപാകതകൾ.

1) ഈ പ്രൊജക്ടുകൾ പ്രകാരം വിതരണം ചെയ്യുന്നതിനായി വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്ത വിവരം ഇൻവോയ്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

2) സ.ഉ. (അ) 22/2018/ തസ്വഭവ/ 14-2-2018 പ്രാകരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.3 ലെ പട്ടികയിലെ ക്രമ നം. 24 പ്രകാരം ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഫർണിച്ചർ നൽകാവൂ. ഒന്നു മുതൽ പത്തു വരെയുള്ള വിവിധ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഈ പ്രൊജക്ടുകൾ പ്രകാരം ഫർണിച്ചർ നൽകിയിട്ടുണ്ട്. എന്നാൽ ഇവർക്ക് മുമ്പ് ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

3) ഫർണിച്ചർ വിതരണം ചെയ്തതിന്റെ കൈപ്പറ്റുകളും അനുബന്ധ രേഖകളും ക്രമമായി ഫയൽ ചെയ്തു വച്ചിട്ടില്ല. രേഖകൾ നഷ്ടപ്പെടാത്ത വിധം ഭദ്രമായി തുന്നിക്കെട്ടി വയ്ക്കേണ്ടതാണ്.

4) ഫർണിച്ചർ വിതരണം രേഖപ്പെടുത്തിയ രജിസ്റ്റർ യാതൊരു സാക്ഷ്യപ്പെടുത്തലും ഇല്ലാത്തതും, ഏതു സ്ഥാപനത്തിന്റേതാണ് എന്നു പോലും രേഖപ്പെടുത്താത്തതുമാണ്.

5) കാഷ് ബുക്ക്, പ്രൊജകട് രജിസ്റ്റർ, ബിൽ ബുക്ക്/E-Bill Book എന്നിവ തയ്യാറാക്കിയിട്ടില്ല /ഹാജരാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കുന്നതു വരെ 9,43,380 രൂപ തടസ്സത്തിൽ വയ്ക്കുന്നു. (അപാകതകൾ ഓഡിറ്റ് എൻക്വയറി നം. 24/ 14-2-2023 പ്രകാരം ശ്രദ്ധയിൽപ്പെടുത്തി).

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിൽ കൂടുതൽ സബ്സിഡി നൽകി.

പതിമൂന്നാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ ( GO(MS) 22/2018/LSGD Dt 14.02.2018 ) ഖ 6.2 പ്രകാരം പോത്തുകുട്ടി വിതരണത്തിന് എസ്. സി വിഭാഗം ഗുണഭോക്താക്കൾക്ക് സബ്സിഡി ആയി 75% (പരാമാവധി 10,000 രൂപ ) ആണ് നൽകാൻ അനുമതിയുള്ളത്.

വെറ്ററിനറി സർജൻ 2021-22 വർഷത്തിൽ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രൊജക്ടുകളിൽ പോത്ത്കുട്ടി വിതരണത്തിന് മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിൽ കൂടുകതൽ തുക സബ്സിഡി ആയി നൽകിയതായി കാണുന്നു.

| പ്രൊജക്ട് | ആകെ ഗുണഭോക്താക്കൾ/ സബ്സിഡി നൽകിയത് | നൽകാവുന്ന സബ്സിഡി | അധികം നൽകിയത് | കുറിപ്പ് |
|---|---|---|---|---|
| എസ്.സി വനിതകൾക്ക് പോത്തുകുട്ടി വിതരണം ( 22/22)<br>ആകെ ചെലവ് : 140000 | 10 Nos@ 10,500<br>ആകെ - 1,05,000<br>(വൗച്ചർ നമ്പർ 2210212/03.09.22 -84,000/- + 2210242/06.01.22 - 21,000/-) | 10 Nos @ 10,000<br>ആകെ - 1,00,000 | 5,000 | ഒരു ഉരുവിന് 14,000 നിരക്കിൽ ബേസിൽ ഫോം എൻജൽ ഗോട്ട് ഫാം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി. |
| എസ്.സി വനിതകൾക്ക് പോത്തുകുട്ടി വിതരണം ( 181/22)<br>ആകെ ചെലവ് : 160000 | 10 Nos@ 12,000<br>ആകെ - 1,20,000<br>(വൗച്ചർ നമ്പർ 2210244/06.01.22 -84,000/- + 2210244/06.03.22 - 36,000/-) | 10 Nos @ 10,000<br>ആകെ - 1,00,000 | 20,000 | ഒരു ഉരുവിന് 16,000 നിരക്കിൽ ബേസിൽ ഫോം എൻജൽ ഗോട്ട് ഫാം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി. |
| | | ആകെ | 25,000 | |

സബ്സിഡി മാർഗ്ഗരേഖയിൽ അംഗീകരിച്ചതിലും ഉയർന്ന നിരക്കിൽ സബ്സിഡി നൽകിയതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (17 /09.02.2023) അധികം നൽകിയ തുക തിരിച്ചടവാക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്. അധികം നൽകിയ തുക 25,000 രൂപ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2,24,000 | പ്രോ.നം-197/21-22 സുഭിക്ഷ കേരളം – തരിശു നിലങ്ങളിൽ യൂണിറ്റടിസ്ഥാനത്തിൽ പച്ചക്കറി | 2,24,000 | 0 |
| | 3,86,400 | പ്രോ.നം-140/21-22 നെൽ കൃഷിക്ക് കൂലി ചെലവ് സബ്സിഡി | 3,86,400 | 0 |
| | 5,00,000 | പ്രോ.നം-176/21-22 ലൈഫ് മിഷൻ ഭവന നിർമ്മാണം(ജനറൽ) | 5,00,000 | 0 |
| | 1,00,000 | പ്രോ.നം-159/21-22 ലൈഫ് മിഷൻ ഭവനനിർമാണം (എസ്.സി) | 1,00,000 | 0 |
| | 3,00,000 | പ്രോ.നം-8/21-22 ഭിന്നശേഷി സ്കോളർഷിപ്പ് | 3,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 3,00,000 | പ്രോ.നം-08/21-22 ശാരീരിക അവശത അനുഭവിക്കുന്നവർക്ക് സ്കോളർഷിപ്പ്. | 3,00,000 | 0 |
| ആകെ | 18,10,400 | | 18,10,400 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

---ഇല്ല---

## 4-5 വായ്പ / വായ്പാതിരിച്ചടവ്

---ഇല്ല---

## 4-6 സ്ഥിര നിക്ഷേപം

--ഇല്ല---

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീതി നം.തി: |
|---|---|---|---|---|
| 2003-04 | 3-6 | 1896 | ശ്രീ. റഷീദ് പി , കോൺട്രാക്ടർ പി ഡബ്ല്യൂ ഡി | 121290102689/03.01.2022 |
| ആകെ | | 1896 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി പിരിവിലെ | നിയമസഭാ സമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | അപാകത | പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

--ഇല്ല---

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 15,21,21,851 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 14,60,57,132 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 84,53,332 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 25,000 | ഡോ.സൂര്യനാരായണൻ, വെറ്ററിനറി സർജൻ |
| ആകെ | 25,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 8,00,000 | ശ്രീമതി. ലിത കെ ,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-18 | 31,932 | ശ്രീമതി സക്കീന ,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | 23,74,505 | ശ്രീമതി. ലിത കെ ,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-19 | 1,32,525 | ശ്രീമതി. ലിത കെ ,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-20 | 1,35,500 | ശ്രീമതി. ലിത കെ ,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-21 | 26,553 | ശ്രീമതി. ലിത കെ , ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-23 | 1,87,550 | ഡോ.സൂര്യനാരായണൻ , വെറ്ററിനറി സർജൻ |
| 1-24 | 27,07,257 | ശ്രീ.അബൂഫൈസൽ.കെ, സെക്രട്ടറി |
| | 17,257 | ശ്രീമതി.സീന.പി.ആർ,സെക്രട്ടറി |
| 1-26 | 8,36,344 | ശ്രീമതി.സിൽവി മോൾ ചെറിയാൻ. ഹെഡ്മിസ്ട്രസ് |
| 1-28-3 | 9,137 | ഡോ. അജയ് മുകുന്ദ്. സി, മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി) |
| 1-28-4 | 1,07,965 | ഡോ. അജയ് മുകുന്ദ്. സി, മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി) |
| 1-29 | 1,43,427 | ഡോ. ഫാത്തിമത്ത് താഹിറ, മെഡിക്കൽ ഓഫീസർ, (ആയുർവേദം) |
| 1-30 | 9,43,380 | ശ്രീമതി. ശ്യാമ ധരൻ, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| ആകെ | 84,53,332 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല---

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

---ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഡോ.സൂര്യനാരായണൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ , വെട്ടം ഗ്രാമ പഞ്ചായത്ത് | പ്രതീക്ഷ , ചെമ്പുക്കാവ്, തൃശ്ശൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്ര. നം | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1967 -68 | എൽ എഫ് എം 7/809/88 തി. 14.06.88 | 2 |
| 2 | 1968-69 | എൽ എഫ് എം 7/810/88 തി. 14.06.88 | 21 |
| 3 | 1969-70 | എൽ എഫ് എം 7/811/88 തി. 14.06.88 | 36 |
| 4 | 1970-71 | എൽ എഫ് എം 7/812/88 തി. 15.06.88 | 33 |
| 5 | 1973-74 | എൽ എഫ് എം 7/813/88 തി. 15.06.88 | 2 |
| 6 | 1974-75 | എൽ എഫ് എം 7/814/88 തി. 15.06.88 | 2 |
| 7 | 1976-77 | എൽ എഫ് എം 7/815/88 തി. 06.06.88 | 5 |
| 8 | 1980-81 | എൽ എഫ് എം 7/819/88 തി. 17.06.88 | 16 |
| 9 | 1997-98 | കെ എസ് എ -എം പി എം 17/2186/21(3) തി. 12.10.2022 | 1 |
| 10 | 1998-99 | കെ എസ് എ -എം പി എം 17/2186/21(4) തി. 12.10.2022 | 8 |
| 11 | 1999-00 | കെ എസ് എ -എം പി എം 17/2186/21(5) തി. 12.10.2022 | 13 |
| 12 | 2000-01 | കെ എസ് എ -എം പി എം 17/2186/21(6) തി. 12.10.2022 | 27 |
| 13 | 2001-02 | കെ എസ് എ -എം പി എം 17/2186/21(7) തി. 12.10.2022 | 5 |
| 14 | 2002-03 | കെ എസ് എ -എം പി എം 17/2186/21(8) തി. 12.10.2022 | 3 |
| 15 | 2003-04 | എൽ എഫ് എം 14/140/09 തി. 07.05.09 | 11 |
| 16 | 2004-05 | കെ എസ് എ -എം പി എം 17/2186/21(9) തി. 12.10.2022 | 9 |
| 17 | 2005-06 | കെ എസ് എ -എം പി എം 17/2186/21(10) തി. 12.10.2022 | 6 |
| 18 | 2006-07 | കെ എസ് എ -എം പി എം 17/2186/21(11) തി. 12.10.2022 | 10 |
| 19 | 2007-08 | കെ എസ് എ -എം പി എം 17/2186/21(12) തി. 12.10.2022 | 4 |
| 20 | 2008-09 | എൽ എഫ് എം 17/1515/11 തി. 15.09.11 | 15 |
| 21 | 2009-10 2010-11 | കെ എസ് എ -എം പി എം 17/2186/21(13) തി. 12.10.2022 | 5 |
| 22 | 2011-12 2012-13 | കെ എസ് എ -എം പി എം 17/142/21(1) തി. 12.10.2022 | 8 |
| 23 | 2013-14 2014-15 | കെ എസ് എ -എം പി എം 17/142/21(2) തി. 12.10.2022 | 6 |
| 24 | 2015-16 | കെ എസ് എ -എം പി എം 17/19/17 തി. 08.03.18 | 16 |
| 25 | 2016-17 | കെ എസ് എ -എം പി എം 17/2193/17 തി. 31.07.18 | 19 |
| 26 | 2017-18 | കെ എസ് എ -എം പി എം 17/770/19 തി. 28.05.2019 | 13 |
| 27 | 2018-19 | കെ എസ് എ -എം പി എം 17/420/2020 തീയതി 10-03-2020 | 9 |
| 28 | 2019-20 | കെ എസ് എ -എം പി എം 17/652/2022 തീയതി 24-09-2022 | 2 |
| 29 | 2020-21 | കെ. എസ്. എ. എം. പി. എം. 17/653/2022 തിയ്യതി 24.09.2022 | 7 |

ഡെപ്യൂട്ടി ഡയറക്ടർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്